# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 18**

---

**പി.ജി രണ്ടാം പ്രത്യേക അലോട്ട്മെന്റ്**

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടിക ജാതി,പട്ടിക വർഗ വിഭാഗക്കാർക്കായുള്ള പ്രത്യേക അലോട്ട്മെന്റിന് ജൂലൈ 22 മുതൽ 23 വരെ ഒൺലൈൻ രജിസ്ട്രേഷൻ നടത്താം. പട്ടിക ജാതി, പട്ടിക വർഗ വിഭാഗക്കാരല്ലാത്തവർക്കും പ്രത്യേക അലോട്ട്മെന്റിന് അപേക്ഷിക്കാം. ആദ്യ മൂന്ന് അലോട്ട്മെന്റ് പട്ടികകളിലും ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം അഡ്മിഷൻ എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം. ഫോൺ -9495085380,9446043707.*

.........................................

## ബിഎഡ് മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; ജൂലൈ 22ന് ക്ലാസ് തുടങ്ങും

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ ബിഎഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 20 ന് കോളേജുകളിൽ സ്ഥിര പ്രവേശനം നേടണം. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് താത്കാലിക പ്രവേശനത്തിന് ക്രമീകരണമില്ല. പ്രവേശനം എടക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.*

*ഒന്നാം സെമസ്റ്റർ ബി.എഡ് പ്രോഗ്രാമുകളുടെ ക്ലാസുകൾ ജൂലൈ 22ന് ആരംഭിക്കും. ജൂലൈ 22 മുതൽ 23 വരെ പുതിയ രജിസ്ട്രേഷന് സൗകര്യമുണ്ടാകും. ആദ്യ മൂന്ന് അലോട്ട്മെന്റ് പട്ടികയിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ള വിദ്യാർഥികൾക്ക് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപെട്ടവർക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റ് രജിസ്ട്രേഷനൊപ്പം പുതിയതായി രജിസ്റ്റർ ചെയ്യാം.*

*എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും പിഡി*

*ക്വാട്ടയിലേക്കും ഇതോടൊപ്പം പുതിയതായി അപേക്ഷിക്കുയോ ഓപ്ഷനുകൾ നൽകുകയോ ചെയ്യാം.*
*ഫോൺ- -9495085380,9446043707.*

.........................................

## സ്പോട്ട് അഡ്മിഷൻ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ ചരിത്രം, ആന്ത്രോപോളജി എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രമുകളിലേക്ക് സീറ്റ് ഒഴിവുണ്ട്. (എം.എ ആന്ത്രോപോളജി - ജനറൽ ഒന്ന്, എം.എ ചരിത്രം - എസ്.സി ഒന്ന്) എന്നിങ്ങന് സീറ്റ് ഒഴിവുണ്ട്. അർഹരായവർ ജൂലൈ 22ന് രാവിലെ 10ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-9995203470.*

.........................................

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസിൽ എംഎ ജൻഡർ സ്റ്റഡീസ് പ്രോഗ്രാമിൽ സ്റ്റേറ്റ് മെറിറ്റ്-നാല്, ഒ.ഇ.സി-മൂന്ന് എന്നിങ്ങന് സീറ്റ് ഒഴിവുണ്ട. അർഹരായവർ ജൂലൈ 20 ാം തീയതിയ്ക്കകം അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഒ.ഇ.സി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ ഹജരാകാത്ത പക്ഷം എസ്.ഇ.ബി.സി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.*

.........................................

## വൈവ വോസി

*നാലാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി സി.എസ്.എസ് ( 2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പ പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ ജൂലൈ 26ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

.........................................

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ എം.എസ്.സി മാത്ത്മാറ്റിക്സ് പി.ജി.സി.എസ്.എസ് ( 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി, 2014,2015,2016 മെഴ്സി ചാൻസ് ആഗസ്റ്റ് 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 30 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

.........................................

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ മെയിൻടെൻസ് ആന്റ് ഇലക്ട്രോണിക്സ് സി.ബി.സി.എസ്.എസ് (2009-2012 അഡ്മിഷൻ ഇംപ്രൂവ് മെന്റ്, മെഴ്സി ചാൻസ് ഒക്ടോബർ 2022 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ആറിന് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ വച്ച് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..........................................

*നാലാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് മോഡൽ 3, കമ്പ്യൂട്ടർ മെയിൻടെൻസ് ആന്റ് ഇലക്ട്രോണിക്സ് മോഡൽ 3 സി.ബി.സി.എസ് (പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 29ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..........................................

## <u>വൈവ വോസി</u>

*നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി ഇൻഫർമേഷൻ ടെക്നോളജി (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് സിഎസ്എസ് ഏപ്രിൽ 2024 ) പ്രോജക്റ്റ് ആന്റ് കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജൂലൈ 22 23 തീയതികളിലായി നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

..........................................

**പബ്ലിക് റിലേഷൻസ് ഓഫീസർ**